# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4556

18.05.2017 ൽ മറുപടിക്ക്

സ്റ്റാർട്ട് അപ് വില്ലേജുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. സ്വരാജ് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പ് മുഖേന യുവസംരംഭകർക്കായി സ്റ്റാർട്ട് അപ് വില്ലേജുകൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) & (ബി) | സംസ്ഥാന വ്യവസായ വകുപ്പ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KSIDC)-ന്റെ ആഭിമുഖ്യത്തിൽ യുവസംരംഭകർക്കായി മൂന്ന് ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയിൽ ഒന്നാമത്തേത് എറണാകുളം ജില്ലയിൽ കൊച്ചിയിൽ ജിയോ ഇൻഫോ പാർക്ക് എന്ന കെട്ടിടത്തിൽ 4600 ചതുരശ്ര അടി വിസ്തൃതിയിൽ 124 പേർക്ക് ജോലി ചെയ്യുവാൻ സാധിക്കുന്നതരത്തിൽ എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ളതും, രണ്ടാമത്തേത് അങ്കമാലിയിൽ ഇൻകെൽ ടവർ 1 ൽ 5000 ചതുരശ്രഅടി വിസ്തൃതിയിൽ നിർമ്മിച്ചിട്ടുള്ളതും, മൂന്നാമത്തേത് കോഴിക്കോട് യു . എൽ സൈബർ പാർക്കിൽ 4000 ചതുരശ്ര അടി വിസ്തൃതിയിൽ 82 പേർക്ക് ജോലിചെയ്യാൻ സാധിക്കുന്നതരത്തിൽ ആധുനിക സൗകര്യങ്ങളോടു കൂടിയതുമാണ്. |
| (ബി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ ; | | |
| (സി) | ഇവ കൂടുതൽ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ആലോചിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | സംരംഭകത്വ വികസനത്തിനായി സംസ്ഥാനത്ത് ഉടനീളം ഇൻക്യുബേഷൻ സെന്ററിന്റെ ശൃംഖല രൂപീകരിക്കുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥി / യുവസംരംഭകർക്ക് ആത്മവിശ്വാസം വളർത്താനും, ഭാവി ശോഭനമാക്കാനുമായി അവരുടെ ആശയങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിക്ഷേപകർക്കു മുന്നിൽ അവതരിപ്പിക്കുന്നതിനും നിക്ഷേപകരുമായി ആശയ വിനിമയം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനുള്ള അവസരം ഒരുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി സെമിനാറുകളും, ശില്പശാലകളും സംഘടിപ്പിക്കുന്നതിനായി കെ. എസ് .ഡി .സി , ടൈ, സി . ഐ. ഐ എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br><br>യുവസംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ എസ് ഐ ഡി സി യിൽ ആരംഭിച്ചിട്ടുള്ള സീഡ് ഫണ്ടിങ്ങ് സ്കീം തുടരുന്നതാണ്. പ്രസ്തുത സ്കീം പ്രകാരം വിദ്യാർത്ഥി /യുവ സംരംഭകരുടെ നൂതന ആശയങ്ങളെ വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിന് പരമാവധി 25 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം വായ്പ അടിസ്ഥാനമാക്കി ലഭ്യമാക്കുന്നു.<br><br>വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/ യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇൻക്യുബേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് കെ . എസ്. ഐ .ഡി.സി യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.ടി വിഭാഗത്തിൽപ്പെട്ട കോളേജുകൾക്കാവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**